


# ഗവ.എൽ.പി.ജി.എസ്. വാകത്താനം.

# Master Plan



# ആമുഖം

ഒരു നാടിന്റെ സമ്പത്താണ് വിദ്യാലയം. അനേകായിരങ്ങളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തി അഭിമാനത്തോടെ നിൽക്കുന്ന ഉന്നതിയോ സംസ്കൃതി ക്ഷേത്രങ്ങളാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. അനുസ്യൂതം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നമ്മുടെ വിദ്യാലയങ്ങളും മാറ്റങ്ങൾക്ക് വിധേയമാകണം. ഭൗതിക സാഹചര്യങ്ങളിലും പാഠ്യവിഷയങ്ങളിലും കാലോചിതമായ മാറ്റങ്ങൾക്ക് സാധ്യമാകണം. അക്കാദമികവും ഭൗതികവുമായി ഉന്നത ശ്രേഷ്ഠതകൾ കൈവരിച്ച് വിദ്യാലയത്തെ പരമാവധി മികവുറ്റതാക്കണമെങ്കിൽ ദീർഘവീക്ഷണത്തോടു കൂടി പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യം നാം മനസിലാക്കുന്നത്.

Name of School :- Govt. L.P.G.S, Vakathanam.

Name of Revenue Village : Kottayam

Name of Cluster :- Changanacherry

Name of Panchayath :- Vakathanam.

Name of Block :- Madappally.

Name of District :- Kottayam.

Name of HM with :- Sheena Saltan
mob. Number : 9497821050

2025 - 26 അക്കാദമിക വർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | പ്രീ-പ്രൈമറി | | I | II | III | IV |
|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | 16 | 4 | 4 | 5 | 1 |
| | G | 13 | 5 | 2 | 0 | 3 |
| Total | | 29 | 9 | 6 | 5 | 4 |

അധ്യാപകർ നിലവിലെ അവസ്ഥ.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഒരേ വിദ്യാലയത്തിൽ ജോലി തുടരുന്നവരുടെ എണ്ണം. |
|---|---|---|---|---|
| | | | | |
| LP | 4 | 4 | | 3 |
| Total | 5 | | | |

കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ അധ്യാപകർ കൈവരിച്ച നേട്ടങ്ങൾ.

→ വിവിധ പരിശീലനങ്ങൾ :- ക്ലസ്റ്റർ, CWSN ക്ലാസുകൾ.

→ റെമഡിയൽ ക്ലാസ്സുകൾ.

→ കലാ-കായിക പരിശീലനങ്ങൾ.

→ [illegible]

→

## പൊതുലക്ഷ്യങ്ങൾ

(1) ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.

## ഉപലക്ഷ്യങ്ങൾ

a. കുട്ടിയെ നല്ല വായനക്കാരനാക്കുക.

b. നല്ല എഴുത്തുകാരനാക്കുക.

c. ഭാഷാശേഷി വികസനം.

d. ഗണിതശേഷി വികസനം.

e. ഇംഗ്ലീഷ് പഠന പരിപോഷണം.

f. ശാസ്ത്രപോഷണ പരിപാടി.

g. ശാസ്ത്രാഭിരുചി വളർത്തൽ.

(2) ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷിവികസനം.

a. ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരികപഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തനാക്കുക.

b. അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക.

c. പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക.

d. അവസരവും പങ്കാളിത്തവും ഉറപ്പാക്കുക.

(3) പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

a. കുട്ടിയെ നല്ല പാട്ടുകാരനാക്കുക.

b. പ്രസംഗകനാക്കുക.

c. യോഗ അഭ്യസിപ്പിക്കുക.

d. കായികതാരമാക്കുക.

e. ചിത്രരചനയിൽ താല്പര്യം വളർത്തുക.

f. പൊതുവിജ്ഞാനത്തിൽ താല്പര്യം വളർത്തുക.

(4) ശുചിത്വ-ആരോഗ്യശീലങ്ങൾ ഉറപ്പാക്കുക.

a. വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിക്കു-ന്നതിലൂടെ രോഗം വരാതെ സൂക്ഷിക്കുക.

b. വായു, ജലം, മണ്ണ് ഇവ മലിനമാകാതെ സംരക്ഷണം ഉറപ്പാക്കുക.

(5) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താല്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക.

(a) പരിസ്ഥിതി സംരക്ഷണം.

b. ജലസംരക്ഷണം.

c. മണ്ണ് സംരക്ഷണം.

(6) <u>ദേശീയബോധം വളർത്തുക.</u>

a. മതേതരത്വം വളർത്തുക.

b. സാംസ്കാരിക മൂല്യങ്ങളെ അംഗീകരിക്കാനുള്ള മനോഭാവം വളർത്തുക.

c. പൊതു സ്ഥാപനങ്ങളും പൊതുമുതലും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.

(7) <u>വായനയുടെ ഉയർന്നതലത്തിലേക്ക് കുട്ടിയെ എത്തിക്കുക.</u>

a. വായനയിൽ താല്പര്യം ഉണർത്തുക.

b. വായനാശീലം വളർത്തുക.

(8) <u>റോഡ് സുരക്ഷയെക്കുറിച്ച് ബോധവാന്മാരാക്കുക.</u>

a. റോഡ് നിയമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.

b. നമുക്ക് ചുറ്റും കാണുന്ന റോഡപകടങ്ങളുടെ കാരണം കണ്ടെത്തി പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാനുള്ള പ്രാപ്തി നേടുക.

c. സാമൂഹ്യപ്രശ്നങ്ങളോട് പ്രതികരിക്കാനും അതിലൂടെ സാമൂഹിക ബോധം ഉള്ളവരാകാനും കഴിയുക.

ക്ലാസ്: I — അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26 - മലയാളം.

| Sl No: | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക കാലം. |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഭാഷാശേഷി വികസനം. | 1. ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | | 2. <u>അമ്മ</u> പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തി- ലെരികൾ. | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ |

ക്ലാസ്സ് : II

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖന മികവ് | 1) 'എഴുത്തും കുത്തും' ലഘു രചനയിലേക്ക് നയിക്കുന്ന രചനാതന്ത്രങ്ങൾ<br>2) ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ - നവംബർ | SRG<br>SMC<br>കുട്ടികൾ<br>മദർ പി.ടി.എ<br>സ്റ്റാഫ് | SMC<br>മദർ പി.ടി.എ. |
| 2. | സർഗാത്മകതയെ തട്ടിയുണർത്താം. | 1) രചനാശില്പശാല, കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SMC<br>അദ്ധ്യാപകർ.<br>കുട്ടികൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC. |

ക്ലാസ്: III    അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.    മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാഹിത്യ കൃതികളെ അടുത്തറിയാം | 1) കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2) പുസ്തക ശേഖരണവും പ്രദർശനവും<br>3. ചിത്ര ഗ്യാലറി | ജൂൺ<br>ജൂൺ ഡിസംബർ<br>ജനുവരി | അദ്ധ്യാപകർ SMC<br>അദ്ധ്യാപകർ SMC<br>മദർ പി.ടി.എ ക്ലബ്ബുകൾ | SMC<br>SMC |
| 2. | വായനാ പരിപോഷണം | 1) പൊതുജനങ്ങളുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>2.) വായനാക്കുറി<br>3) നാട്ടുവായന-പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | നവംബർ<br>ആഴ്ചയിലൊന്ന്<br>ആഗസ്ത് | വായനശാല SMC SRG<br>ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | ക്ലബ്ബ് SMC SRG<br>വായനശാല. |
| 3. | സൃഷ്ടിപരമായ എഴുത്തും സംസാരവും വികസിപ്പിക്കുക. | 1) കഥാപുസ്തകങ്ങൾ വായിക്കുക<br>2) പുതിയ വാക്കുകൾ കണ്ടെത്തുക<br>3) വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക.<br>4) ചോദ്യോത്തരപയറ്റ് | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | വായനശാല<br>ക്ലബ്ബുകൾ | വായനശാല |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26. മലയാളം : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മധുരം മലയാളം<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ. | SRG<br>Class tr. | PTA ഫണ്ട്. |
| വായിക്കാം വളരാം. | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം - മുഴുവൻ | HM<br>SRG<br>Class tr.<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG<br>Class tr. | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class tr. | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ഉപാംഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | Class tr: | PTA |
| രുചിച്ചറിയാം: | | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ (നാടൻ) പരിചയപ്പെടൽ. | ഭക്ഷ്യമേള - പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം.<br>ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>Class tr:<br>PTA | |
| ഓർക്കാം.. ആദരിക്കാം | (സാഹിത്യകാരന്മാർ) | | | |
| സാഹിത്യകാരന്മാരുടെ ജനന - മരണ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ - അടുത്തറിയൽ. | · ഓർമ്മദിനങ്ങൾ ആചരിക്കൽ<br>· ഡോക്യുമെന്ററി പ്രദർശനം<br>· പുസ്തകപരിചയം, ക്വിസ്, പതിപ്പ് നിർമ്മാണം. | ആവശ്യാനുസരണം | SRG<br>Class tr:<br>CPTA | |

# English

| Sl No | Aim | Activities | Duration | Duty. |
|---|---|---|---|---|
| | Std I<br>* To create all possible situations to hear and understand English language in the school premises. | * Role play activities in classroom | Once in a month | SRG |
| | | * Cartoons / documentary presentations. | once in a week | class teacher |
| | | * English assembly. | once in a week | Class teacher |
| | Std II<br>To understand and speak the language confidently. | * Let's talk elders.. (kids debate with teacher or parents) | Quarterly | SRG |
| | | * English Balasabha | Once in a bimonth | Class teacher. |
| | | * English assembly | once in a week | class teacher. |

| | | | |
|---|---|---|---|
| Std III<br>• To read and communicate in the language with or without help | * use of class library<br>* News reading competitions<br>* Reading campaigns and<br>* Readers theatre | June to March<br>Once in a month<br>June to march | Class teacher.<br>SRG<br>Class teacher |
| Std IV<br>* To read, talk and write English language effectively | * English assembly<br>* English Diary | once in a week<br>June to march | Class teacher<br>Class teacher. |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26. ഗണിതം - 1 - IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| Std. I & II<br>*കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | * ഗണിത മാഗസിൻ<br>* ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>* ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ. | ജൂൺ - മാർച്ച്<br>സെപ്തംബർ മാസത്തിൽ 1 വീതം. | Class to: SRG. | SSA |
| * ഗണിത ചിന്താശേഷി വളർത്തൽ | * ഒരു ദിനം ഒരു ചോദ്യം [കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ] | ആഴ്ചയിൽ ഒന്ന് വീതം. | Class to SRG | PTA |
| | *ഗണിതം കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം. | | |
| * ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | * ഒറിഗാമി ശില്പശാല, ടാൻഗ്രാം നിർമ്മാണം പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG<br>PTA | SSA |

| | | | | |
|---|---|---|---|---|
| *ഗണിതം ലളിതമാക്കാം കളികളിലൂടെ | * ഗണിതോത്സവം | ജനുവരി | SRG | SSA<br>Staff<br>SMC |
| * ഗണിത മാഗസിൻ | *മാഗസിൻ വിഭവങ്ങൾ ഒരുക്കൽ. | ജൂൺ - നവംബർ | Class tr: | SRG. |
| * ഗണിതപഠനസൌകര്യ-ങ്ങൾ [പ്രവർത്തനങ്ങൾ ലളിതമാക്കൽ] | * വിവിധതരം കളികൾ ആസൂത്ര-ണം ചെയ്ത് നടപ്പാക്കൽ ഉല്ലസിക്കുകയും | വർഷം മുഴുവൻ | SRG<br>Class tr. | SRG. |
| * ഒറിഗാമി<br>ഗണിത രൂപം പഠനം സഹായമാക്കൽ. കരചലന ശേഷി വികാസം | * ഒറിഗാമി രൂപങ്ങളുടെ നിർമ്മാണ പ്രദർശനം. | ഓഗസ്റ്റ് നവംബർ | SRG<br>Class tr: | SRG. |
| * പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകര-മാക്കൽ. | * പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം | | |

ക്ലാസ് : III, IV അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 പരിസരപഠനം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പ്രകൃതി നടത്തം.<br>• നിരീക്ഷണം - തിരിച്ചറിയൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| 2. | ശാസ്ത്രമേള.<br>• ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | • ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| 3. | ശാസ്ത്രയാത്ര.<br>• ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>• അന്വേഷണാത്മകത വളർത്തൽ. | • വാനനിരീക്ഷണകേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മേഖലയിലെ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി തുടങ്ങിയവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ. |
| 4 | ഭൂപടമൊരുക്കാം.<br>• കേരളം ഇന്ത്യ ഭൂപടവായന<br>• സൂചിക പരിചയപ്പെടൽ. | • ഭൂപട വായന<br>• ഭൂപട രചന.<br>• സൂചിക നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA. |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 പരിസരപഠനം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ശാസ്ത്രവിസ്മയം ശാസ്ത്ര പഠനം രസകരമാക്കൽ. | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG. ക്ലാസ്സ് ടീച്ചർ | PTA |
| 6. | ശാസ്ത്രമാസിക. • ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | • ശാസ്ത്രമാസികകളുടെ നിർമ്മാണം. | വർഷത്തിലൊന്ന് | HM. SRG. ക്ലാസ്സ് ടീച്ചർ. | PTA |
| | | | | | |